"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ ഹൈടെക് ആട് ഫാം ആരംഭിയ്ക്കുന്നതിന് ഭരണാനുമതി നൽകിയും ഫാമിനെ സർക്കാർ ഫാം ആയി അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.139/2025/AHD തീയതി,തിരുവനന്തപുരം, 12-03-2025

പരാമർശം:-

1. കാസറഗോഡ് ജില്ലാ കളക്ടറുടെ 08/05/2015-ലെ C2-39694/2013-ാം നമ്പർ ഉത്തരവ്
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 09/06/2015-ലെ B3-4046/2012-ാം നമ്പർ ഉത്തരവ്.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 19/01/2017-ലെ M2-32448/16/Plg നമ്പർ ഉത്തരവ്.
4. 31/08/2019-ലെ സ.ഉ (കൈ) നം.112/2019/എ.ഡി.
5. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 03/02/2020-ലെ AHD/202/2020-M2 നമ്പർ ഉത്തരവ്.
6. 15/06/2020-ലെ സ.ഉ (കൈ) നം.50/2020/കൃഷി.
7. കാസറഗോഡ് ജില്ലാ കളക്ടറുടെ 20/10/2020-ലെ 524/2020/KSD/KDP(552) നമ്പർ ഉത്തരവ്.
8. 4/8/2023-ലെ സ.ഉ (കൈ) നം.18/2023/എ.എച്ച്.ഡി
9. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 26/06/2024-ലെ എ.എച്ച്.ഡി/1/2022-B2 നമ്പർ കത്ത്.
10. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 05/10/2024-ലെ എ.എച്ച്.ഡി /1/2022-B2 നമ്പർ കത്ത്.
11. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24/10/2024-ലെ എ.എച്ച്.ഡി/5834/2024-പി2 നമ്പർ കത്ത്.
12. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 29/10/2024-ലെ എ.എച്ച്.ഡി/1/2022-B2 നമ്പർ കത്ത്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി ശാസ്ത്രീയമായ രീതിയിൽ ആട്ടു വളർത്തൽ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തിയ്ക്കായി 2016-17 വർഷത്തിൽ റവന്യൂ വകുപ്പിൽ നിന്നും, മൃഗസംരക്ഷണ വകുപ്പിന്, കാസറഗോഡ് ജില്ലാ കളക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം, കൊളത്തൂർ വില്ലേജിലെ റീ സർവെ നമ്പർ 11/1B-യിൽ 14.92 ഏക്കറും, 11/1Aയിൽ 7.82 ഏക്കറുമായി ആകെ 22.74 ഏക്കർ സ്ഥലം ബേഡഡുക്ക ആട് ഫാം നിർമ്മാണത്തിന് ഉപയോഗാനുമതി നൽകി (permissive sanction) ഉത്തരവായിരുന്നു. കാസറഗോഡ്

ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ബദിയടുക്ക കന്നുകാലി ഫാമിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.നാഗരാജയെ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് ഫാമിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിലേയ്ക്കായി നിയോഗിയ്ക്കുകയുണ്ടായി.

2) സംസ്ഥാന തലത്തിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി ശാസ്ത്രീയമായ ആട്ട വളർത്തൽ പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി ഹൈടെക് ഗോട്ട് ഫാം, ബേഡഡുക്ക എന്ന സ്ഥാപനം ആരംഭിക്കുന്നതിനായി, പ്രസ്തുത സ്ഥലം ചുറ്റമതിൽ കെട്ടി സംരക്ഷിക്കുന്നതിന് പരാമർശം (3) പ്രകാരം 49,99,991/-രൂപയുടെ ഭരണാനുമതി 4403-00-102-96 (P) 'Strengthening of Department Farms' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. 31 പുതിയ പ്രോജക്ടുകൾക്കായി RKVY പദ്ധതിയിൻകീഴിൽ 149.92 കോടി രൂപയുടെ ഭരണാനുമതി '2401-00-109-65-Umbrella scheme on Krishi Unnathi Yojana and other CSS [60%CSS])-Plan' എന്ന ശീർഷകത്തിൽ കൃഷി (പി.പി.എം സെൽ) വകുപ്പ് പരാമർശം (4) പ്രകാരം ഉത്തരവ്വ പുറപ്പെടുവിച്ചിരുന്നതിൽ ബേഡഡുക്ക ആട് ഫാം പദ്ധതിയും ഉൾപ്പെട്ടിരുന്നെങ്കിലും ബേഡഡുക്ക ആട് ഫാമിനായി തുകയൊന്നും പ്രസ്തുത ഉത്തരവ്വ പ്രകാരം ലഭിച്ചിരുന്നില്ല. പിന്നീട് ബേഡഡുക്ക ആട് ഫാമിനായി ആദ്യ ഗഡുവായി പരാമർശം (6) പ്രകാരം 75 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും നിർദ്ദേശിച്ച സമയപരിധിയ്ക്കകം വിനിയോഗിക്കാതിരുന്നതിനാൽ തുക തിരിച്ചടയ്ക്കുകയുമുണ്ടായി.

3) Conservation of Indigenous Breeds Goat Farm Bedadukka, Kasaragod എന്ന പദ്ധതിയ്ക്കായി 394.84 ലക്ഷം രൂപയുടെ DPR Kasaragod Development Package മുമ്പാകെ സമർപ്പിയ്ക്കുകയും, ടി പദ്ധതിയ്ക്ക് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരവും ലഭിയ്ക്കുകയുണ്ടായി. തുടർന്ന് ടി പ്രോജക്ട് അംഗീകരിച്ച്, പദ്ധതിയ്ക്കായി Kasaragod Development Package-ൽ ഉൾപ്പെടുത്തി കാസറഗോഡ് ജില്ലാ കളക്ടറുടെ പരാമർശം (7) -ലെ ഉത്തരവ് പ്രകാരം 153.89 ലക്ഷം രൂപയുടെ ഭരണാനുമതി '2551-60-101-97-34-3 Other Items' എന്ന ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുകയുണ്ടായി.

4) ഫാമിന് ഓഫീസ് കെട്ടിടം നിർമ്മിയ്ക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും പരാമർശം (5) പ്രകാരം 63.06 ലക്ഷം രൂപ '4403-102-96 (P) 'Strengthening of Department Farms' എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. കാസറഗോഡ് വികസന പാക്കേജ് പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (7) പ്രകാരം അനുവദിച്ച 153.89 ലക്ഷം രൂപയിൽ 1.15 കോടി രൂപ മുതൽമുടക്കി ആട് ഷെഡ് നിർമ്മാണവും, ബാക്കിയുള്ള 38 ലക്ഷം രൂപയ്ക്ക് തുടർ പ്രവർത്തനങ്ങളിലേയ്ക്ക് ആവശ്യമുള്ള ചെലവുകൾ ആയ ആടിനെ വാങ്ങൽ, തീറ്റ, ഉപകരണങ്ങൾ, മരുന്നുകൾ, മറ്റ് അനുബന്ധ സാധനങ്ങൾ വാങ്ങൽ എന്നിവയ്ക്കായി വിനിയോഗിക്കുന്നതുമാണ്.

5) പരാമർശം (8) ഉത്തരവ്വ പ്രകാരം ബേഡഡുക്ക ഫാമിലേയ്ക്ക് ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയും, ഒരു താൽക്കാലിക അറ്റന്റന്റ് തസ്തികയും അനുവദിച്ചിട്ടുണ്ട്. ബേഡഡുക്ക ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് കാസറഗോഡ് RAHC യിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ തസ്തിക, ഫീൽഡ് ഓഫീസർ, സീനിയർ ക്ലർക്ക്, അറ്റന്റന്റ് എന്നീ തസ്തികകൾ പുനർ വിന്യസിച്ച് ഉത്തരവാകേണ്ടതുണ്ടെന്ന് പരാമർശം (9) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തസ്തികകൾ പുനർവിന്യാസത്തിലൂടെയാണ് കണ്ടെത്തിയിരിക്കുന്നതെന്നതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതകളൊന്നും തന്നെ സംജാതമാകുന്നുമില്ല എന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്

6) ഹൈടെക് ഗോട്ട് ഫാം, ബേഡഡുക്ക എന്ന സ്ഥാപനം നിലവിൽ വന്നതിന്റെ സർക്കാർ ഉത്തരവ് ഇല്ലാത്തതിനാൽ ഫാമിലേക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കൽ, DDO, ട്രഷറി ഓതറൈസേഷൻ, DDO Code, BIMS Mapping എന്നിവ സാധ്യമായിട്ടില്ല എന്നും, ആയതിനാൽ ഫാം ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഭരണാനുമതി നൽകി ഉത്തരവാകണമെന്നും പരാമർശം (12) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിയ്ക്കുകയുണ്ടായി.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹൈടെക് ഗോട്ട് ഫാം, ബേഡഡുക്ക എന്ന സ്ഥാപനത്തെ സർക്കാർ ഫാം ആയി അംഗീകരിച്ചും, അധിക തസ്തികകൾ സൃഷ്ടിയ്ക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ, ഈ ഹൈടെക് ഗോട്ട് ഫാം ആരംഭിയ്ക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും, ഫാമിന്റെ ആവർത്തന ചെലവുകൾ നിലവിലുള്ള '2403-00-102-81 (പി)' എന്ന ശീർഷകത്തിൽ

'വകുപ്പുതല ഫാമുകളുടെ ശാക്തീകരണം' എന്ന പദ്ധതിയിൽ നിന്നും നിർവഹിയ്ക്കുന്നതിനു അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കാസറഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ് (25/01/2025-ലെ PLGEA- A1/197/2024നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
ധനകാര്യ (അഗ്രി-ബി) വകുപ്പ് (28/02/2025-ലെ Agri-B1/505/2024-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Resmi R S
Date: 12-03-2025 14:29:08
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്